പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140 | 10.02.2020-ൽമറുപടിയ്ക്ക്

ടൂറിസ്റ്റ് ബസ്സുകൾക്ക് പെർമിറ്റില്ലാതെ സർവ്വീസ് നടത്താൻ അനുമതി

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആഡംബര ടൂറിസ്റ്റ് ബസ്സുകൾക്ക് പെർമിറ്റില്ലാതെ സർവ്വീസ് നടത്താൻ അനുമതി നൽകാനുള്ള കേന്ദ്ര നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ നടപടി കെ.എസ്.ആർ.ടി.സി.യെ എപ്രകാരം ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | കേന്ദ്ര ഉപരിതല മന്ത്രാലയത്തിലെ 07.1.2020 തീയതിയിലെ RT-16011/10/2019-T നമ്പർ പ്രാഥമിക വിജ്ഞാപന പ്രകാരം എ.സി, ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.കളുടെ നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. ഇപ്പോൾ തന്നെ സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ അനധികൃതമായും, പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടും ദീർഘദൂര/അന്തർസംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ ഇത്തരം സർവ്വീസുകൾ നിയമവിധേയമാകുന്നതും, കൂടുതൽ കൂടുതൽ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും, ഇത് കെ.എസ്.ആർ. ടി.സി.യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴി വയ്ക്കുമെന്നുള്ളതുമാണ്. മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നടപ്പിലാക്കിയാൽ ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി |

| | | | |
|---|---|---|---|
| | | | യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെ തന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. കൂടുതൽ കൂടുതൽ സർവ്വീസുകൾ യഥേഷ്ടം ആരംഭിക്കുന്നത് റോഡിലെ മത്സര ഓട്ടത്തിനും വലിയ അപകടങ്ങൾക്കും കാരണമാകുന്നതാണ്. ഒറ്റപ്പെട്ട മേഖലകളിലേയ്ക്കുള്ള സർവ്വീസുകളും, മലയോര മേഖലകളിലേയ്ക്കുള്ള സർവ്വീസുകളും വരുമാന നഷ്ടം സഹിച്ചും കെ.എസ്.ആർ.ടി.സി നടത്തി വരുന്നു. നിലവിൽ മെച്ചപ്പെട്ട സർവ്വീസ് നടത്തുന്ന 1463 സൂപ്പർ ക്ലാസ് സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി.യ്ക്കുള്ളത്. ടി നിർദ്ദേശം നടപ്പിലായാൽ കെ.എസ്.ആർ.ടി.സി. യുടെ എല്ലാ സൂപ്പർക്ലാസ് സർവ്വീസുകൾക്കും ഇത് ഭീഷണി യായി തീരുന്നതാണ്. ടി നിർദ്ദേശം കോൺട്രാക്ട് ക്യാരേജ് സർവ്വീസുകൾക്ക് മാത്രം അനുകൂലമാണ്. സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തുന്ന കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രസ്തുത നിർദ്ദേശം നടപ്പിൽ വരുത്തുന്നതിനും കോൺട്രാക്ട് ക്യാരേജ് സർവ്വീസ് നടത്തുന്നതിനും കഴിയാത്ത സാഹചര്യത്തിൽ സ്വാഭാവികമായും ടി നിർദ്ദേശം നടപ്പിലാക്കുന്നത് കെ.എസ്.ആർ.ടി.സി.യെ സമീപഭാവിയിൽ തന്നെ ഗുരുതര പ്രതിസന്ധിയിലേയ്ക്ക് എത്തിക്കുമെന്നുള്ളതാണ്. മോട്ടോർ വാഹന നിയമത്തിലെ Chapter V പ്രകാരമാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് അനുകൂലമായ ദേശസാൽകൃത സ്കീമുകൾ കൊണ്ട് വരുന്നത്. Sec.98 പ്രകാരം മോട്ടോർ വാഹന നിയമത്തിലെ മറ്റ് വ്യവസ്ഥകളേക്കാൾ over riding effect നൽകിയിട്ടുള്ളതുമാണ്. എന്നാൽ പുതിയ നിർദ്ദേശം നിലവിൽ വന്നാൽ ആയത് Chapter V ഉൾപ്പെടെ എസ്.റ്റി.എ.കൾക്ക് അനുവദിച്ച് വരുന്ന എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുവാൻ കാരണമാകുമെന്നും കരുതുന്നു. കേരളത്തിലെ ജനസാന്ദ്രതയും സാമൂഹിക സ്ഥിതിയും കണക്കിലെടുത്താൽ ഈ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ കൂടുതൽ എ.സി ബസ്സുകൾ |

| | | | |
|---|---|---|---|
| | | | നിരത്തി ലെത്തുമെന്നും, സ്റ്റേജ് ക്യാരേജ് സർവ്വീസുകൾക്ക് പകരമായി ടി ബസ്സുകൾ സർവ്വീസ് നടത്തുമെന്നും അതുവഴി കെ.എസ്.ആർ.ടി.സി സർവ്വീസുകൾക്കും സർക്കാരിനും വരുമാന നഷ്ടം ഉണ്ടാകുന്നതുമാണ്. കൂടാതെ ഇപ്പോൾ അനധികൃതമായി നടത്തുന്ന സ്വകാര്യ കോൺട്രാക്ട് ക്യാരേജ് ബസ്സുകൾക്ക് അനുമതി നൽകിയാൽ ടി സർവ്വീസുകൾ നിയമപരമായി നടത്തുവാൻ കഴിയുന്നതും ഭാവിയിൽ യാത്രക്കാരുടെ തിരക്ക് അനുഭവപ്പെടുന്ന പ്രത്യേക ഉത്സവകാലങ്ങളിൽ കൂടുതൽ നിരക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഈടാക്കുവാനുള്ള സാദ്ധ്യതയും തള്ളിക്കളയുവാൻ കഴിയുകയില്ല. |
| (സി) | കേന്ദ്ര നീക്കം ഗതാഗത, അനുബന്ധ മേഖലകളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും, കെ.എസ്.ആർ.ടി.സി, മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹു: ഗതാഗത വകുപ്പ് മന്ത്രി 22.1.2020 ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാനസർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**